ഉത്തരം

(എ) 1984 ഒക്ടോബർ മുതൽ ഈ സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

(ബി, സി) വാഹന ദൗർലഭ്യം മൂലം അപൂർവ്വം ചില ദിവസങ്ങളിൽ ഈ സർവ്വീസ് മുടങ്ങിയിട്ടുണ്ട്.

കണ്ണൂർ–തേക്കടി, കന്യാകുമാരി–തേക്കടി ബസ് സർവ്വീസുകൾ

257 [571] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ–തേക്കടി, കന്യാകുമാരി–തേക്കടി എന്നീ ദീർഘ ദൂര ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. യുടെ വിഭവശേഷി വർദ്ധിച്ചാൽ മാത്രമേ കണ്ണൂർ തേക്കടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

കന്യാകുമാരി–തേക്കടി സർവ്വീസ് ഒരു അന്തർ സംസ്ഥാന സർവ്വീസ് ആകയാൽ തമിഴ്നാടുമായി പുതിയ കരാർ ഉണ്ടാക്കിയാലേ ഈ സർവ്വീസ് നടത്തുവാൻ സാധിക്കുകയുള്ളു.

പത്തനംതിട്ട തിരുവല്ല ഡിപ്പോകളിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ

258 [572] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ജൂലൈ മാസത്തിലും തുടർന്നും പത്തനംതിട്ട, തിരുവല്ല എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റു ചെയ്തുകൊണ്ടിരുന്ന ഷെഡ്യൂളുകൾ വല്ലതും നിർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഡിപ്പോയിലും എത്ര ഷെഡ്യൂളുകൾ, അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഷെഡ്യൂളുകൾ നിർത്തൽ ചെയ്യുന്നതുകൊണ്ട് യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ടും സർക്കാരിനു വമ്പിച്ച നഷ്ടവും ഉണ്ടാകുന്നുവെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഷെഡ്യൂളുകൾ വളരെ കുറച്ചു മാത്രമുള്ള ഈ രണ്ടു ഡിപ്പോകളിലേയും ഉള്ള സർവ്വീസുകളെങ്കിലും നിലനിർത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly